# സി.എം.എഫ്.ആർ.ഐ.യിൽ ശില്പശാല തുടങ്ങി

**കൊച്ചി:** മത്സ്യമേഖലയിൽ നിലവിൽ നൽകിവരുന്ന സബ്സിഡികൾ ഫലപ്രദമാണോ എന്നത് പഠന വിധേയമാക്കണമെന്ന് നീതി ആയോഗ് ഉപദേശകൻ ഡോ. അശോക് ജെയിൻ പറഞ്ഞു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) ആരംഭിച്ച ദേശീയ ശില്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അമിതവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികൾ തടയുന്നതിന് നിയമം കർക്കശമാക്കണമെന്ന് നിർദ്ദേശമുയർന്നു.

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് ഇന്ത്യ പ്രോഗ്രാം ഡയറക്ടർ സേജൽ വോറ, സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, ഡോ. പ്രവീൺ പുത്ര തുടങ്ങിയവർ സംസാരിച്ചു. ശില്പശാല ബുധനാഴ്ച സമാപിക്കും.



സി.എം.എഫ്.ആർ.ഐ.യിൽ നടക്കുന്ന ദേശീയ ശില്പശാലയിൽ നീതി ആയോഗ് ഉപദേശകൻ ഡോ. അശോക് ജെയിൻ സംസാരിക്കുന്നു

Mathrubhumi e-paper KOCHI
Wed, 05 July 2017
digitalpaper.mathrubhumi.com/c/20